BPL Limited
Dynamic House, 64 Church Street
Post Box No. 5194
Bengaluru - 560 001, India.
Ph : +91-80-2532 7985, 2558 9109
E-mail : investor@bpl.in / Website : www.bpl.in
CIN : L28997KL1963PLC002015

18th November, 2020

The Manager - Listing, Corporate Relationship Department **Bombay Stock Exchange Ltd** Phiroze Jeejeebhoy Towers Dalal Street Mumbai- 400001 **Scrip code - 500074**	The Manager - Listing, **National Stock Exchange of India Ltd.,** Exchange Plaza, C-1, Block G, Bandra Kurla Complex, Bandra (E) Mumbai – 400 051 **Trading Symbol - BPL**

Dear Sir,

Sub: Disclosure under Regulation 47 of SEBI (listing Obligations and Disclosure Requirements) Regulations, 2015 Financial results published in Newspapers

Further to our letter dated November 13, 2020 and in terms of Regulation 47 of SEBI (listing Obligations and Disclosure Requirements) Regulations, 2015, please find enclosed copy of un-audited financial results of the Company for the second quarter ended September 30, 2020 published in English newspaper "Business Standard" (all India edition) and vernacular newspaper "Mangalam" on Saturday, November 14, 2020.

You are requested kindly to take the aforesaid on record.

Thank you,

Very truly yours,
BPL LIMITED

Ajit G Nambiar
Chairman and Managing Director
DIN: 00228857

Encl: a/a

Tata Steel's net dips 50% to ₹1,665 crore

Tax expense eats into profits even as sales jump 7.4% YoY

ADITI DIVEKAR
Mumbai, 13 November

Tata Steel, the country's oldest steel producer, reported a consolidated net profit of ₹1,665 crore in the September quarter (Q2), down 50 per cent from the corresponding period last year, as tax expenses ate into profits even as sales rose.

Net sales stood at ₹36,475.66 crore in Q2, up 7.4 per cent from a year ago, because of higher volumes, improved realisations, and cost efficiencies. However, tax expense of ₹613 crore in Q2 hurt the bottom line.

"The resilience of our business model and the commitment of our teams enabled us to ramp up capacity utilisation to normal levels and achieve highest-ever sales, despite the ongoing challenges due to the Covid pandemic. There has also been a significant improvement in product mix towards domestic sales and higher value-added products and a sharp reduction in costs. In Europe, though the overall environment remains challenging and recovery is more gradual, there has been an improvement in volumes and sales mix," a release from the company quoted T V Narendran, Tata Steel's chief executive officer and managing director, as saying.

The consolidated earnings before interest, taxes, depreciation and amortisation (Ebitda) surged 60 percent YoY to ₹6,217 crore in Q2, said the release. It generated free cash flow of ₹7,832 crore.

On a standalone basis, the company's top line stood at ₹16,100 crore in Q2, up 11 percent from a year ago, while bottom line was ₹2,205 crore, down 42 per cent YoY, as tax expense of ₹735 crore ate into the earnings.

All major plants are operating close to full capacity, the firm said. Its quarterly deliveries in the India operations grew 72 per cent sequentially and 22 percent YoY, it said.

Tata Steel's standalone Ebitda surged 33 per cent YoY to ₹4,718 crore, an Ebitda/tonne of ₹13,127 and Ebitda margin of 29 per cent.

Meanwhile, the company is discussing with SSAB Sweden the potential acquisition of its Netherlands business.

On its debt reduction strategy, the company said it is committed to deleveraging $1 billion annually and reduced net debt by ₹8,197 crore in Q2.

REPORT CARD
Consolidated figures in ₹ crore

	Q2FY20	Q1FY21	Q2FY21
Revenues	34,579	24,289	37,154
PBIDTA	4,026	713	6,376
PAT*	4,077	-4,668	1,592

* excluding exceptional items Source: Company

The company has also initiated the process to separate its Netherlands and UK arms and will pursue separate strategic paths for business in those countries in the future, Tata Steel said.

"Tata Steel continues its dialogue with the UK government on potential measures to safeguard the long-term future of Tata Steel UK and is also reviewing all options to make the business self-sustaining without the need for any funding support from Tata Steel India in the future," the firm said.

"In India, we are now embarking on reorganising our subsidiaries into four verticals to drive scale, synergies and simplification, which we are confident will create value for our stakeholders," Narendran was quoted as saying.

Tata Steel is folding its listed and unlisted subsidiaries in the domestic market into four clusters — long products, downstream, mining, and utilities & infrastructure.

On Friday, the boards of Tata Steel Long Products, Tata Metaliks and Indian Steel and Wire Products approved the merger of Tata Metaliks and Indian Steel and Wire Products into Tata Steel Long products.

"We expect to complete the process in next 6-9 months, subject to necessary regulatory approvals," the management said.

Future Retail posts net loss of ₹692 cr, revenue falls 74%

VIVEAT SUSAN PINTO
Mumbai, 13 November

Future Retail, the flagship unit of Future Group, reported a net loss of ₹692.36 crore for the quarter ended September 30, hit by disruptions caused by the Covid-19 pandemic. The company reported a profit of ₹165.08 crore a year-ago period.

Its revenue from operations were down 74 per cent to ₹1,424.21 crore during the quarter as stores remained shut and walk-ins were thin despite the government kicking off an Unlock programme in July-September. A year ago, revenue from operations stood at ₹5,449.06 crore.

Future Retail admitted in a statement that the pandemic had impacted its business significantly. Future Retail oversees operations of Big Bazaar, Foodhall, HyperCity, fbb among other retail formats of Future Group. Along with Future Lifestyle Fashions, which has apparel retail stores such as Central and Brand Factory, retail operations of the group are housed within these two entities.

In August, Future Group sold its retail assets along with its logistics and wholesale businesses to Reliance Retail in a nearly ₹25,000-crore transaction. This deal is now being contested in court by former Future Group partner Amazon, which says it is in breach of a 2019 agreement.

The Singapore International Arbitration Centre (SIAC) on October 25 had passed an interim order in favour of Amazon barring Future Retail from taking any step to dispose its assets to Reliance. Amazon had argued that the deal with a Future Group promoter entity had a clause that prevented Future from dealing with 30-odd entities, including Reliance Retail. Amazon has an indirect stake of 5 per cent in Future Retail.

On Thursday, Future Retail told the Delhi High Court that Amazon was not its shareholder directly and had therefore no say in its affairs. The interim order passed by the SIAC, it said, was of no value. The court had on November 10 sought a response from Amazon on Future Retail's plea alleging that the e-commerce major was interfering in its deal with Reliance Retail on the basis of an interim order by a Singapore arbitrator.

Last week, Amazon had written to markets regulator Sebi and the stock exchanges seeking to enforce the interim order.

Patanjali revenue and profit up, but far from glory days

Tax expense eats into profits even as sales jump 7.4% YoY

ARNAB DUTTA & PTI
New Delhi, 13 November

Indigenous fast-moving consumer goods (FMCG) major Patanjali Ayurved has reported 22 per cent growth in its net profit for 2019-20 (FY20).

According to the financial data accessed by business intelligence platform Tofler, the group's flagship entity reported ₹423 crore net profit for the year, compared to ₹349 crore it had posted in 2018-19 (FY19).

Patanjali Ayurved, that rakes in over 80 per cent of Patanjali Group's total revenue, said in its annual filings with the Registrar of Companies that its operating revenue grew 6 per cent to ₹9,023 crore in FY20.

The firm's top line growth remained higher than the previous year. In FY19, the ayurveda major had clocked ₹8,330 crore turnover — 2.4 per cent higher than ₹8,136 crore it had posted in 2017-18 (FY18).

Since its sales faltered in 2016-17 (FY17), Patanjali is yet to regain the momentum it used to have earlier. In 2014-15 and 2015-16 (FY16), its revenue had grown 86 per cent and 100 per cent, respectively.

In recent years, its net profit, too, has suffered. Despite double-digit growth, Patanjali's net profit fell well short of ₹1,190 crore it had reported four years ago. In FY20, its net profit margin stood at 4.67 per cent, compared to 13.3 per cent in FY17 and 16 per cent in FY16.

Patanjali Group Co-Founder Ramdev told *PTI* that the last financial year had been challenging for the firm. "Despite financial challenges, we have worked uninterrupted. We acquired Ruchi Soya," he said.

In December last year, the group had completed the process of acquiring the defunct FMCG firm Ruchi Soya for ₹4,350 crore. Since the introduction of the goods and services tax (GST) hit its operations in 2017, Patanjali has not managed to recover from the low growth cycle.

According to the firm, introduction of GST in mid-2017 severely disrupted its operations for most parts of the year. The initial glitches related to GST and the realignment work required due to its implementation cost the firm two months of its business.

A report by CARE Ratings noted that the decline was "primarily because of its inability to adapt in time to the GST regime and develop infrastructure and supply chain". As a result its top line declined 10 per cent in FY18. To counter the falling sales, Patanjali had adopted a multi-pronged approach. The firm, which depended heavily on branded outlets till 2017, began going deeper into the market by adding mom-and-pop stores.

PROFIT REMAINED MUCH LOWER THAN 2016–17 LEVEL



Source: Tofler

Eveready net jumps 216% on higher demand, lower cost

ISHITA AYAN DUTT
Kolkata, 13 November

Battery and flashlights major, Eveready Industries India, reported 216 per cent increase in net profit to ₹58.02 crore in the quarter ended September, on the back of strong demand in batteries and flashlights coupled with cost control measures. Operating income of the company was higher by about 7 per cent to ₹372.63 crore in the September quarter, compared to ₹348.28 crore in the same period last year.

Eveready Managing Director Amritanshu Khaitan said this was the highest-ever quarterly profits without any other income. Earnings before interest, taxes, depreciation, and amortization (Ebitda) margin at more than 20 per cent was also the best.

The core segments of batteries and torches registered significant increases over the corresponding quarter of the previous year. The turnover from batteries grew by 14 per cent during the quarter while flashlights grew by 8.6 per cent. A strong demand combined with a sharp reduction in cheap Chinese imports helped the segment. In addition, the firm took price increases to mitigate the negative impact of rupee depreciation which further aided turnover.

The Ebitda margin for the battery segment was 31.1 per cent on a turnover of ₹239.6 crore. Going forward, Eveready expects the batteries and flashlights segment to continue to witness a healthy demand, given the sharp decrease in dumped imports from China and disruptions caused to the unorganised market because of the pandemic.

The lighting and appliances segment also recovered from a poor Q1. Khaitan said the lighting business had turned around while appliances had cut losses.

പാലക്കാട് നഗരസഭ: യു.ഡി.എഫിന്റെ ആദ്യപട്ടികയിൽ 31 പേർ

പാലക്കാട്: പാലക്കാട് നഗരസഭയിലേക്കു 31 പേരുടെ ആദ്യഘട്ട സ്ഥാനാർഥി പട്ടിക യു.ഡി.എഫ് പ്രഖ്യാപിച്ചു. നിലവിലുള്ളവരിൽ കോൺഗ്രസിന്റെ രാജേശ്വരി ജയപ്രകാശിനും ബി. സുഭാഷിനുമാത്രമാണ് ഇതിൽ ഇടംപിടിക്കാനായത്. രണ്ടാംഘട്ട പട്ടിക അടുത്തദിവസം തന്നെ പ്രഖ്യാപിക്കുമെന്ന് ഡി.സി.സി പ്രസിഡന്റ് വി.കെ. ശ്രീകണ്ഠൻ എം.പി പറഞ്ഞു.

നിലവിലെ പട്ടികയിൽ 23 പേർ കോൺഗ്രസിന്റെയും ഏഴുപേർ മുസ്ലീംലീഗിന്റെയും ജനതാദൾ കോൺഗ്രസിന്റെ ഒരാളുമാണുള്ളത്. പ്രഖ്യാപിച്ച പട്ടികയിൽ കഴിഞ്ഞ സഭയിലെ പാർലമെന്ററി പാർട്ടി നേതാവിന്റെ പേരുപോലും ഉൾപ്പെട്ടിട്ടില്ല. ആകെ പ്രഖ്യാപിച്ച 31 സീറ്റുകളിൽ പകുതിയിൽ കൂടുതലും വനിതാ സ്ഥാനാർഥികളാണ്. കോൺഗ്രസ് 41 സീറ്റുകളിലും മുസ്ലീംലീഗ് പത്ത് സീറ്റിലും മത്സരിക്കുമെന്നാണ് അറിയുന്നത്.

അഴിമതിയും സ്വജനപക്ഷപാതവും നീതിനിഷേധവുമാണ് കേരളം ഭരിക്കുന്ന ഇടതുസർക്കാരിന്റെ മുഖമുദ്രയെന്നും ഇതിനെതിരെ ജനാധിപത്യ രീതിയിൽ പ്രതികരിക്കാൻ നമുക്ക് ലഭിക്കുന്ന ആദ്യ അവസരമാണ് ഈ തെരഞ്ഞെടുപ്പെന്നും മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. പാലക്കാട് നഗരസഭയിലെ യു.ഡി.എഫിന്റെ സ്ഥാനാർഥി പ്രഖ്യാപനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കൺവൻഷൻ

ആനക്കര: കപ്പൂർ പഞ്ചായത്ത് മുസ്ലീം ലീഗ് സ്ഥാനാർഥി പ്രഖ്യാപന കൺവൻഷൻ നടത്തി. യു.ഡി.എഫ്. ധാരണ അനുസരിച്ച് കുമരനല്ലൂർ ബ്ലോക്ക് ഡിവിഷൻ ഉൾപ്പെടെ കപ്പൂർ പഞ്ചായത്തിൽ ഏഴ് വാർഡിൽ മുസ്ലീം ലീഗ് സ്ഥാനാർഥികൾ മത്സരിക്കും. അലി കുമരനല്ലൂർ (കുമരനല്ലൂർ ബ്ലോക്ക് ഡിവിഷൻ), സി.എം. അലി (മുള്ളൻകുന്ന്), പത്തിൽ മൊയ്തുണ്ണി (കൊള്ളന്നൂർ), കെ.വി. ആമിന കുട്ടി (എറവക്കാട്), നടുവില വളപ്പിൽ മുംതാസ അബ്ദുറഹ്മാൻ (കുമരനല്ലൂർ), എ.കെ. റാബിയ (മാരായംകുന്ന്), കെ. ഫസീല (കണ്ണാന്തളി), സക്കീന അക്ബർ (മണ്ണാരപറമ്പ്) എന്നിവർ മത്സരിക്കും. മുസ്ലീം ലീഗ് ജില്ലാ സെക്രട്ടറി പി.ഇ.എ. സലാം ഉദ്ഘാടനം ചെയ്തു. അലി കുമരനല്ലൂർ അധ്യക്ഷനായി. സുബൈർ കൊഴിക്കര, സി. സൈനുദ്ദീൻ, പി.കെ, അബ്ദുള്ള, കെ. സമദ് പ്രസംഗിച്ചു.

അംഗത്വം രാജിവച്ചു

ലക്കിടി: ഒറ്റപ്പാലം ബ്ലോക്ക് കോൺഗ്രസ് ജനറൽ സെക്രട്ടറി കെ. ഗോവിന്ദൻകുട്ടി കോൺഗ്രസിന്റെ പ്രാഥമിക അംഗത്വത്തിൽ നിന്നും ഒറ്റപ്പാലം ബ്ലോക്ക് കോൺഗ്രസ് ജനറൽ സെക്രട്ടറി സ്ഥാനത്തു നിന്നും രാജിവെച്ചു. ലക്കിടി പേരൂർ മണ്ഡലം കോൺഗ്രസ് പ്രസിഡന്റിന്റെ ഏകാധിപത്യ പ്രവർത്തനങ്ങളിൽ മനംമടുത്താണ് രാജിവെക്കുന്നത് എന്ന് അകലൂർ ഉക്കാരത്ത് വീട്ടിൽ കെ. ഗോവിന്ദൻകുട്ടി പറഞ്ഞു. 10ാം വാർഡിൽ സ്വതന്ത്ര സ്ഥാനാർഥിയായി മത്സരിക്കാനുള്ള ശ്രമവും ഇദ്ദേഹം നടത്തുന്നുണ്ട്.

ജില്ലാ പഞ്ചായത്ത്: എൽ.ഡി.എഫ്. സ്ഥാനാർഥികളായി

പാലക്കാട്: ജില്ലാ പഞ്ചായത്തിലേക്കുള്ള എൽ.ഡി.എഫ്. സ്ഥാനാർഥികളെ പ്രഖ്യാപിച്ചു. ആകെയുള്ള 30 ഡിവിഷനുകളിൽ സി.പി.എം. 21 സീറ്റിലും സി.പി.ഐ. അഞ്ച്, ജനതാദൾ എസ് രണ്ട്, എൻ.സി.പി., കേരള കോൺഗ്രസ് എം എന്നിവർ ഓരോ സീറ്റിലും മത്സരിക്കും. കഴിഞ്ഞ ഭരണസമിതിയിലെ മൂന്നു പേർ ഇക്കുറിയും പട്ടികയിലുണ്ട്. ബാക്കി 27 പേരും പുതുമുഖങ്ങളാണ്. പ്രസിഡന്റ് സ്ഥാനത്തേക്ക് എൽ.ഡി.എഫ്. പരിഗണിക്കുന്ന സി.പി.എമ്മിലെ കെ. ബിനുമോൾ, പി.കെ. സുധാകരൻ, സി.പി.ഐയിലെ സീമ കൊങ്ങശേരി എന്നിവരാണ് ഇത്തവണയും മത്സരിക്കുന്നത്. ബിനുമോൾ മലമ്പുഴ ഡിവിഷനിലും പി.കെ. സുധാകരൻ വാണിയംകുളത്തും സീമ കൊങ്ങശേരി തെങ്കരയിലുമാണ് ജനവിധി തേടുന്നത്. പെരുമുടിയൂർ ഡിവിഷനിൽ മത്സരിക്കുന്ന സി.പി.എമ്മിലെ എ.എൻ. നീരജ് (23) ആണ് ഏറ്റവും പ്രായം കുറഞ്ഞ സ്ഥാനാർഥി.

എൽ.ഡി.എഫ്. കൺവീനർ വി. ചാമുണ്ണിയാണ് സ്ഥാനാർഥികളെ പ്രഖ്യാപിച്ചത്. സി.പി.എം. ജില്ലാ സെക്രട്ടറി സി.കെ. രാജേന്ദ്രൻ, സി.പി.ഐ. ജില്ലാ സെക്രട്ടറി കെ.പി. സുരേഷ് രാജ്, കെ.ആർ. ഗോപിനാഥ് തുടങ്ങിയവരും പങ്കെടുത്തു. സ്ഥാനാർഥികളുടെ ഡിവിഷനും പേരും: ശ്രീകൃഷ്ണപുരം: കെ. പ്രേംകുമാർ (സി.പി.എം), കടമ്പഴിപ്പുറം: പി. മൊയ്തീൻകുട്ടി (എൻ.സി.പി), അലനല്ലൂർ: പി. രാധ (സി.പി.എം), തെങ്കര: സീമ കൊങ്ങശേരി (സി.പി.ഐ), അട്ടപ്പാടി: പി.സി. നീതു (സി.പി.ഐ), കാഞ്ഞിരപ്പുഴ: റെജി ജോസ് (കേരള കോൺഗ്രസ് എം), കോങ്ങാട്: എ. പ്രശാന്ത് (സി.പി.എം), പറളി: എം.എച്ച്. സഫ്ദർ ഷെരീഫ് (സി.പി.എം), പുതുപ്പരിയാരം: വി. കെ. ജയപ്രകാശ് (സി.പി.എം), മലമ്പുഴ: കെ. ബിനുമോൾ (സി.പി.എം), പുതുശ്ശേരി: പത്മിനി (സി.പി.എം), കൊഴിഞ്ഞാമ്പാറ: മിനി മുരളി (ജെ.ഡി.എസ്), മീനാക്ഷിപുരം: മാധുരി പത്മനാഭൻ (ജെ.ഡി.എസ്), കൊടുവായൂർ: എം. രാജൻ (സി.പി.എം), കൊല്ലങ്കോട്: ശാലിനി കറുപ്പേഷ് (സി.പി.എം). നെന്മാറ: ആർ. ചന്ദ്രൻ (സി.പി.ഐ), പല്ലശ്ശന: വി. രജനി (സി.പി.എം), കിഴക്കഞ്ചേരി: അനിത പോൾസൺ (സി.പി.എം), ആലത്തൂർ: കെ.വി. ശ്രീധരൻ (സി.പി.ഐ), തരൂർ: സി.കെ. ചാമുണ്ണി (സി.പി.എം), കൊടുന്തിരപ്പുള്ളി: എം. ശ്രീധരൻ (സി.പി.എം), കോട്ടായി: ആർ. അഭിലാഷ് (സി.പി.എം), ലക്കിടി: പ്രീത മോഹൻദാസ് (സി.പി.എം), വാണിയംകുളം: പി.കെ. സുധാകരൻ (സി.പി.എം), പെരുമുടിയൂർ: എ.എൻ. നീരജ് (സി.പി.എം), ചാലിശ്ശേരി: അനുവിനോദ് (സി.പി.എം), നാഗലശ്ശേരി: ഷാനിബ (സി.പി.എം), തിരുവേഗപ്പുറ: പി.കെ. ചെല്ലുക്കുട്ടി (സി.പി.ഐ), കുലുക്കല്ലൂർ: ഷാബിറ (സി.പി.എം.), ചളവറ: നസീമ (സി.പി.എം).

രണ്ടാംദിനം 41 നാമനിർദേശ പത്രികകൾ

പാലക്കാട്: നാമനിർദേശ പത്രികകൾ സമർപ്പിക്കേണ്ടതിന്റെ രണ്ടാം ദിനത്തിൽ ജില്ലയിൽ നഗരസഭ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളിലായി ലഭിച്ചത് 41 നാമനിർദേശപത്രികകൾ. നഗരസഭകളിൽ നാലും ബ്ലോക്ക് പഞ്ചായത്തിൽ ഒന്നും ഗ്രാമപഞ്ചായത്തുകളിൽ 36 പത്രികകളുമാണ് ലഭിച്ചത്.

പാലക്കാട്, പട്ടാമ്പി, ചെർപ്പുളശ്ശേരി, മണ്ണാർക്കാട് നഗരസഭകളിൽ ഓരോന്നും പാലക്കാട് ബ്ലോക്ക് പഞ്ചായത്തിൽഒന്നും അകത്തേത്തറ, പറളി, പുതുശ്ശേരി, അയിലൂർ, മേലാർകോട്, പുതുക്കോട്, കൊഴിഞ്ഞാമ്പാറ, കോങ്ങാട്, മുണ്ടൂർ, കുലുക്കല്ലൂർ, ലക്കിടി പേരൂർ, നെല്ലായ, ശ്രീകൃഷ്ണപുരം, പഞ്ചായത്തുകളിലായി 36 നാമനിർദേശപത്രികകളും ലഭിച്ചു. ജില്ലയിൽ ഏറ്റവും കൂടുതൽ പത്രികകൾ ലഭിച്ചത് നെല്ലായ പഞ്ചായത്തിലാണ്. 21 എണ്ണം. വ്യാഴാഴ്ച കോട്ടായി പഞ്ചായത്തിൽ ലഭിച്ച ഒരു പത്രികയടക്കം ജില്ലയിൽ ഇതുവരെ 42 നാമനിർദേശപത്രികകളാണ് ലഭിച്ചത്.

തെരഞ്ഞെടുപ്പ് പ്രചാരണം: റോഡിൽ എഴുതിയാൽ കേസ്

ഒറ്റപ്പാലം: തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി സ്ഥാനാർഥികളുടെ പേരും ചിഹ്നവും റോഡിൽ എഴുതിയാൽ കേസാകും. കോവിഡ് മാനദണ്ഡങ്ങളും തെരഞ്ഞെടുപ്പ് കമ്മിഷന്റെ നിർദേശങ്ങളും കൃത്യമായി പാലിക്കാൻ ഒറ്റപ്പാലം പോലീസ് വിളിച്ചുചേർത്ത രാഷ്ട്രീയ പാർട്ടികളുടെ യോഗത്തിലാണ് തീരുമാനം.

ക്രമസമാധാനം പാലിച്ച് തെരഞ്ഞെടുപ്പിനെ നേരിടണം. റോഡിൽ പല രാഷ്ട്രീയ പാർട്ടികളുടെയും സ്ഥാനാർഥികളുടെയും ചിത്രങ്ങളും പേരുകളും എഴുതിയതായി കണ്ടെത്തിയിട്ടുണ്ട്. മൂന്ന് ദിവസത്തിനകം റോഡിൽ എഴുതിയിട്ടുള്ള രാഷ്ട്രീയ പാർട്ടിയുടെ പ്രദേശത്തെ സ്ഥാനാർഥിക്ക് പോലീസ് നോട്ടീസ് നൽകും. 48 മണിക്കൂറിനകം ഇത് മായ്ച്ചില്ലെങ്കിൽ നടപടിയെടുക്കാനാണ് തീരുമാനം.

ഇനി മറ്റേതെങ്കിലും റോഡുകളിൽ എഴുതിയാൽ പൊതുമുതൽ നശിപ്പിക്കുന്നതിനെതിരെയുള്ള നിയമപ്രകാരം സ്ഥാനാർഥിക്കെതിരെ കേസെടുക്കുമെന്നും പോലീസ് അറിയിച്ചു. 23 പ്രശ്നബാധിത ബൂത്തുകളാണ് സ്റ്റേഷൻ പരിധിയിലുള്ളത്. ക്രമസമാധാനം ഉറപ്പാക്കാൻ സ്റ്റേഷൻ പരിധിയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പോലീസ് പ്രത്യേക യോഗം വിളിക്കാനും തീരുമാനിച്ചു.

ചുമരെഴുത്തുകൾക്ക് ഉടമകളിൽനിന്ന് അനുമതി വാങ്ങണം. ബോർഡുകൾ സ്ഥാപിക്കുന്നത് ഗതാഗതതടസങ്ങൾ ഉണ്ടാവുന്ന രീതിയിലാണെങ്കിൽ നടപടിയെടുക്കും. ഒറ്റപ്പാലം സ്റ്റേഷൻ ഹൗസ് ഓഫീസർ എ.എസ്.പി. ടി.കെ. വിഷ്ണു പ്രദീപ്, ഇൻസ്പെക്ടർ എം. സുജിത്ത്, എസ്.ഐ. ജോർജ്ജ് പ്രസംഗിച്ചു.

ലക്കിടി പേരൂരിൽ ഇക്കുറി ബലാബലം

■ രാജേഷ് ലക്കിടി

ലക്കിടി

ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്തിൽ ഭരണം നിലനിർത്താനായി എൽ.ഡി.എഫും പിടിച്ചെടുക്കാനായി പ്രധാന പ്രതിപക്ഷമായി ബി.ജെ.പിയും പൊരുതുമ്പോൾ യു.ഡി.എഫും അക്ഷീണം പ്രയത്നത്തിലാണ്.

ആകെ 19 സീറ്റുള്ള ഇവിടെ എൽ.ഡി.എഫ്-10, ബി.ജെ.പി-5, യു.ഡി.എഫ്-4 എന്നിങ്ങനെയായിരുന്നു കഴിഞ്ഞ ഭരണസമിതിയുടെ കക്ഷിനില. ഇതിൽ ഒരു യു.ഡി.എഫ്. അംഗം രാജിവെച്ച് അടുത്തിടെ ഭരണകക്ഷിയോടൊപ്പം ചേർന്നിരുന്നു.

വർഷങ്ങളായി ഇടതിനെ തുണച്ച പഞ്ചായത്തിൽ 2010ൽ ഭരണം യു.ഡി.എഫ് പിടിച്ചെടുത്തിരുന്നു. 2015ൽ യു.ഡി.എഫ്. നാല് സീറ്റിൽ ഒതുങ്ങിയപ്പോൾ നിലവിലെ സീറ്റ് നില വർധിപ്പിച്ചാണ് ബി.ജെ.പി. മുഖ്യപ്രതിപക്ഷമായി മാറിയത്. ജില്ലാ നേതാക്കൾ വരെ അങ്കത്തട്ടിൽ ഇറങ്ങുന്നിടത്ത് മൂന്ന് തവണ മത്സരിച്ച് ജനപ്രതിനിധിയായവരെ പാർട്ടികൾ മാറ്റി നിർത്തുന്നുണ്ട്. വരും ദിനങ്ങളിൽ ചില വാർഡുകളിൽ സ്വതന്ത്രരും പത്രിക സമർപ്പിക്കുമെന്നാണ് സൂചന.

ജലനിധി കുടിവെള്ള പ്രശ്നവും ഭവന നിർമാണവുമായി ബന്ധപ്പെട്ട പദ്ധതികൾ അട്ടിമറിച്ചെന്ന ആക്ഷേപവും മാലിന്യ നിർമാർജ്ജന സംവിധാനം ഒരുക്കുന്നതിലും പൂർണ പരാജയമാണെന്നും പ്രതിപക്ഷം ഉയർത്തുമ്പോൾ ഗ്രാമീണ റോഡുകളുടെ വികസനവും ലൈഫ് പദ്ധതിയിലൂന്നി വീടുകൾ നൽകിയതും, അടിസ്ഥാന സൗകര്യ വികസനവുമാണ് എൽ.ഡി.എഫ്. വാദിക്കുന്നത്. ബി.ജെ.പി. തങ്ങളുടെ വാർഡുകളിലെ ഇടപെടലും ജലനിധി കുടിവെള്ള പ്രശ്നവും കേന്ദ്രഭരണ മികവുകൂടി തെരഞ്ഞെടുപ്പ് പ്രചരണത്തിൽ ഇക്കുറി ഉയർത്തുന്നുണ്ട്.

മുസ്ലീം ലീഗ് ജില്ലാ സെക്രട്ടറിക്കെതിരേ പത്രിക നൽകി യൂത്ത് ലീഗ് പ്രവർത്തകൻ

ചെർപ്പുളശ്ശേരി: നഗരസഭ വൈസ് ചെയർമാനും മുസ്ലീം ലീഗ് ജില്ലാ സെക്രട്ടറിയുമായ കെ.കെ.എ. അസീസിനെതിരെ യൂത്ത് ലീഗ് പ്രവർത്തകനും പ്രവാസിയുമായ എലിയപ്പറ്റ പടിഞ്ഞാറെക്കര വീട്ടിൽ നൗഷാദ് സ്വതന്ത്രനായി നാമനിർദേശ പത്രിക നൽകി. കെ.കെ.എ. അസീസ് മത്സരിക്കുന്ന എലിയപ്പറ്റ 22-ാം വാർഡിലാണ് പത്രിക സമർപ്പിച്ചത്. രണ്ടുപതിറ്റാണ്ടിലേറെക്കാലം പ്രവാസ ജീവിതം നയിച്ച നൗഷാദ് എം.എസ്.എഫിലൂടെയാണ് രാഷ്ട്രീയ രംഗത്തുവന്നത്. എം.എസ്.എഫ് യൂണിറ്റ് പ്രസിഡന്റ്, യൂത്ത് ലീഗ് ഭാരവാഹി എന്നീ നിലകളിൽ പ്രവർത്തിച്ചു. കെ.എം.സി.സിയുടെ ചെർപ്പുളശ്ശേരി യൂണിറ്റ് ഭാരവാഹിയായിരുന്നു. നിലവിൽ മുസ്ലീം ലീഗ് വാർഡ് കോ-ഓഡിനേഷൻ കമ്മിറ്റി അംഗമാണ്.

തികച്ചും പ്രാദേശികമായ ഈ തെരഞ്ഞെടുപ്പിൽ ഈ പ്രദേശത്തുകാരെ തന്നെ സ്ഥാനാർഥിയാക്കണമെന്ന് മുസ്ലീം ലീഗ് ജില്ലാ ജനറൽ സെക്രട്ടറിയെയും സംസ്ഥാന പ്രസിഡന്റിനെയും അറിയിച്ചിരുന്നു. എന്നാൽ നിലവിലുള്ള പാർട്ടി തീരുമാനം തിരുത്തിയാണ് അസീസ് മത്സരരംഗത്തെത്തിയത്. ഇതിലുള്ള പ്രതിഷേധത്തിലാണ് താൻ മത്സരരംഗത്ത് വന്നതെന്ന് നൗഷാദ് പറയുന്നു. മാത്രമല്ല കഴിഞ്ഞ നഗരസഭ ഭരണം എലിയപ്പറ്റ, കൂളിയാട് ഭാഗങ്ങളിൽ ഒരു വികസന പ്രവർത്തനവും നടത്തിയിട്ടില്ല. പല പാർട്ടികളുടെ പിന്തുണയും തനിക്കുണ്ടെന്ന് നൗഷാദ് അറിയിച്ചു. അതേസമയം 22-ാം വാർഡിൽ എൽ.ഡി.എഫ് സ്ഥാനാർഥിയെ പ്രഖ്യാപിച്ചിട്ടില്ല.

നെന്മാറയിൽ ലഭിച്ചത് മൂന്ന് പത്രികകൾ

നെന്മാറ: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള നാമനിർദേശപത്രിക സ്വീകരിക്കാനുള്ള രണ്ടാംദിനം നെന്മാറ ബ്ലോക്ക് പഞ്ചായത്തിലേക്ക് പത്രികളൊന്നും ലഭിച്ചില്ല. അയിലൂർ ഗ്രാമപഞ്ചായത്തിലേക്ക് രണ്ടും മേലാർകോട് ഗ്രാമപഞ്ചായത്തിലേക്ക് ഒരു പത്രികയും ലഭിച്ചതായി ബ്ലോക്ക് വരണാധികാരിയായ നെന്മാറ ഡി.എഫ്.ഒ. അറിയിച്ചു. രാഷ്ട്രീയപാർട്ടികളുടെ ബഹുവർണ ചുവരെഴുത്തുകൾ എല്ലായിടത്തും ഉണ്ടെങ്കിലും ചിഹ്നവും അഭ്യർഥനയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാനാർഥികളുടെ പേരുകൾ മിക്കയിടത്തും ഒഴിവാക്കിയാണ് ചുവരെഴുത്ത് പുരോഗമിക്കുന്നത്.

ഉച്ചഭാഷിണിക്ക് അനുവാദം വാങ്ങണം

പാലക്കാട്: തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർഥികൾ ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനുള്ള അനുവാദം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ നിന്നും വാങ്ങണം. ജില്ലാ പഞ്ചായത്തിലെ ഡിവിഷനുകളിലേക്ക് മത്സരിക്കുന്ന സ്ഥാനാർഥികൾ ആ പ്രദേശവുമായി ബന്ധപ്പെട്ട ഡിവൈ.എസ്.പി. ഓഫീസിൽനിന്നാണ് അനുവാദം വാങ്ങിക്കേണ്ടത്. രാവിലെ ആറ് മുതൽ രാത്രി 10 മണി വരെയാണ് ഉച്ചഭാഷിണി ഉപയോഗിക്കാൻ അനുവാദമുള്ളത്. രാത്രി 10 മുതൽ രാവിലെ ആറ് വരെ ഉപയോഗിക്കരുത്.

തെരഞ്ഞെടുപ്പ് യോഗം 16ന്

പാലക്കാട്: തദ്ദേശ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് 16ന് വൈകീട്ട് 4.30ന് ജില്ലയിലെ ബ്ലോക്ക് പഞ്ചായത്ത്, നഗരസഭകളിലെ വരണാധികാരികൾ, ഉപവരണാധികാരികൾ എന്നിവരുടെ യോഗം ചേരും. ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കുന്ന യോഗത്തിൽ എല്ലാ വരണാധികാരികളും ഉപവരണാധികാരികളും പങ്കെടുക്കണമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കൂടിയായ ജില്ലാ കലക്ടർ ഡി. ബാലമുരളി അറിയിച്ചു.

പ്രചാരണത്തിൽ വ്യക്തിപരമായി ആക്ഷേപിക്കരുത്

പാലക്കാട്: മാതൃകാപെരുമാറ്റ ചട്ടപ്രകാരം തദ്ദേശ തെരഞ്ഞെടുപ്പിലേക്കുള്ള പ്രചാരണത്തിൽ രണ്ട് സമുദായങ്ങൾ, ജാതി, ഭാഷ വിഭാഗങ്ങൾ തമ്മിൽ നിലനിൽക്കുന്ന സംഘർഷം മൂർച്ഛിക്കുന്നതിനിടയാകുന്ന പ്രവർത്തനങ്ങൾ ഉണ്ടാകാതിരിക്കാൻ രാഷ്ട്രീയകക്ഷികളും സ്ഥാനാർഥികളും ശ്രദ്ധിക്കണം. എതിർ കക്ഷി നേതാക്കളെ വ്യക്തിപരമായി തേജോവധം ചെയ്യുന്നതും സ്വകാര്യതയെ ഹനിക്കുന്നതുമായ പ്രചാരണം പാടില്ല.

തെളിവില്ലാത്ത ആരോപണങ്ങൾ എതിർകക്ഷിയെ പറ്റിയോ അവരുടെ പ്രവർത്തകരെ പറ്റിയോ ഉന്നയിക്കരുത്. ആരാധനാലയങ്ങൾ തെരഞ്ഞെടുപ്പ് പ്രചരണത്തിനുള്ള വേദിയാക്കരുത്. ജാതി മത വികാരങ്ങൾ മുതലെടുത്ത് വോട്ട് പിടിക്കുന്നത് കുറ്റകരമാണ്.

നാമനിർദേശ പത്രിക സമർപ്പിക്കാൻ പോകുന്ന സ്ഥാനാർഥിക്കൊപ്പം മൂന്ന് അകമ്പടി വാഹനങ്ങൾ മാത്രമേ വരണാധികാരിയുടെ ഓഫീസിന്റെ 100 മീറ്റർ ചുറ്റളവിൽ പ്രവേശിക്കാൻ പാടുള്ളൂ. കോവിഡ് 19ന്റെ പശ്ചാത്തലത്തിലാണ് അകമ്പടി വാഹനങ്ങൾ നിയന്ത്രിച്ചത്.

വരണാധികാരിയുടെ മുറിയിലേക്ക് സ്ഥാനാർഥി ഉൾപ്പെടെ മൂന്നുപേർക്ക് മാത്രമേ പ്രവേശനമുള്ളൂ. നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന നടക്കുമ്പോൾ സ്ഥാനാർഥിക്കൊപ്പം തെരഞ്ഞെടുപ്പ് ഏജന്റ്, നിർദേശകൻ എന്നിവർക്കാണ് വരണാധികാരിയുടെ മുറിയിൽ പ്രവേശനം. ഇവർക്കു പുറമേ സ്ഥാനാർഥി എഴുതി നൽകുന്ന മറ്റൊരാൾക്ക് കൂടി (ആവശ്യമെങ്കിൽ വക്കീൽ) പ്രവേശിക്കാനാകും.

റോഡിൽ പൊലിഞ്ഞവരുടെ ഓർമദിനം നാളെ

തച്ചമ്പാറ: ഐക്യരാഷ്ട്ര സഭയുടെ നേതൃത്വത്തിൽ നവംബറിലെ മൂന്നാം ഞായറാഴ്ച റോഡിൽ പൊലിഞ്ഞവരുടെ ഓർമദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി സന്നദ്ധ സേവന സംഘടനയായ ടീം തച്ചമ്പാറയുടെ നേതൃത്വത്തിൽ ഓർമ ദിനാചരണ പരിപാടികൾ നടത്തും.

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കൂടുതൽ ആളുകളെ പങ്കെടുപ്പിക്കാതെയാണ് ഇത്തവണ പരിപാടികൾ നടത്തുന്നത്. ഞായറാഴ്ച വൈകീട്ട് നാലിന് തച്ചമ്പാറ താഴെ ജങ്ഷനിലാണ് പരിപാടി. റോഡ് അപകടങ്ങളെ കുറിച്ച് ജനങ്ങളിൽ ബോധവത്ക്കരണം നടത്താൻ വേണ്ടിയാണ് പരിപാടി.

പരിശോധന നടത്തും

പാലക്കാട്: ജില്ലയിൽ ഉത്സവാഘോഷങ്ങളോടനുബന്ധിച്ച് അനധികൃത സ്ഫോടക വസ്തുക്കൾ, വിദേശ നിർമിത പടക്കങ്ങൾ എന്നിവയുടെ ഇറക്കുമതി, സംഭരണം, വിപണനം, അനധികൃത പടക്കവ്യാപാരം എന്നിവ തടയുന്നതിന് താലൂക്ക് തലത്തിൽ തഹസിൽദാർമാരുടെ നേതൃത്വത്തിൽ പ്രത്യേക പരിശോധനാ സംഘങ്ങൾ രൂപീകരിക്കും. സംഘത്തിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥർ പരിശോധന നടത്തി അനധികൃത വസ്തുക്കൾ കണ്ടെത്തിയാൽ കർശന നടപടി സ്വീകരിക്കുമെന്ന് എ.ഡി.എം. ആർ.പി. സുരേഷ് അറിയിച്ചു.

ഓട്ടിസം കേന്ദ്രം തുടങ്ങി

അഗളി: സമഗ്ര ശിക്ഷ കേരളം അഗളി ബി.ആർ.സിയുടെ കീഴിൽ ഓട്ടിസം കേന്ദ്രം ആരംഭിച്ചു. അഗളി ഗവ. എൽ.പി. സ്കൂളിലാണ് കേന്ദ്രത്തിന്റെ പ്രവർത്തനം തുടങ്ങിയത്.

അട്ടപ്പാടി ട്രൈബൽ ഹെൽത്ത് നോഡൽ ഓഫീസർ ഡോ: പ്രഭുദാസ് ഉദ്ഘാടനം ചെയ്തു. ബി.ആർ.സി. പ്രൊജക്ട് കോർഡിനേറ്റർ സി.പി. വിജയൻ, അഗളി ട്രൈബൽ ഓഫീസർ വി. സുദീപ്, അഗളി ജി.എൽ.പി. സ്കൂൾ അധ്യാപിക പുഷ്പ, ഐശ്വര്യ, കീർത്തി പ്രസംഗിച്ചു.

പ്രതിഷേധ കൂട്ടായ്മ 16ന്

പാലക്കാട്: കേന്ദ്ര ഏജൻസികളുടെ രാഷ്ട്രീയ നീക്കങ്ങളിൽ പ്രതിഷേധിക്കുകയും വർഗീയ കൂട്ടുകെട്ടിനെ പരാജയപ്പെടുത്തുകയും ചെയ്യുക എന്ന ആഹ്വാനവുമായി എൽ.ഡി.എഫ്. ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ 16ന് പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിക്കും.

എൽ.ഡി.എഫ്. ജില്ലാ കൺവീനർ പാലക്കാട് കൊപ്പത്തും, സി.പി.എം. ജില്ലാ സെക്രട്ടറി സി.കെ. രാജേന്ദ്രൻ യാക്കരയിലും സി.പി.ഐ. ജില്ലാ സെക്രട്ടറി കെ.പി. സുരേഷ് രാജ് മലമ്പുഴയിലും റസാഖ് മൗലവി കാരാക്കുറുശ്ശിയിലും കെ.ആർ. ഗോപിനാഥ് കൊടുന്തിരപ്പുള്ളിയിലും എ. ഭാസ്കരൻ പിരായിരിയിലും മോൻസി തോമസ് കോട്ടോപ്പാടത്തും നൈസ് മാത്യു ചന്ദ്രനഗറും ഒാട്ടൂർ ഉണ്ണികൃഷ്ണൻ നൂറണിയിലും മുഹമ്മദ് റാഫി സുൽത്താൻപേട്ടയിലും ഉദ്ഘാടനം ചെയ്യും. യോഗത്തിൽ സി.കെ. രാജേന്ദ്രൻ അധ്യക്ഷനായി. കൺവീനർ വി. ചാമുണ്ണി പ്രസംഗിച്ചു.

ജില്ലയിൽ വാഹനപരിശോധനയ്ക്ക് അഞ്ച് ഇലക്ട്രിക് കാറുകൾ

പാലക്കാട്: മോട്ടോർ വാഹന വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പരിശോധനയ്ക്കായി ജില്ലയിൽ അഞ്ച് ഇലക്ട്രിക് കാറുകളെത്തി. പരിസ്ഥിതി സൗഹൃദമായ അന്തരീക്ഷ മലിനീകരണം തീരെയില്ലാത്ത ഇലക്ട്രിക് വാഹനങ്ങളാണ് മോട്ടോർ വാഹന വകുപ്പിന്റെ സേഫ് കേരള പദ്ധതിയുടെ ഭാഗമായി ജില്ലയിലെത്തിയത്. അനർട്ടിന്റെ ഇ-മൊബിലിറ്റി പ്രകാരമാണ് ഇലക്ട്രിക് വാഹനം ലഭ്യമായത്. പൂർണമായും വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഈ വാഹനം ഒരു തവണ പൂർണമായി ചാർജ്ജ് ചെയ്താൽ 320 കിലോ മീറ്റർ വരെ ഓടുമെന്ന് അനർട്ട് അധികൃതർ പറയുന്നു. ജില്ലയിൽ സിവിൽ സ്റ്റേഷൻ, ഒറ്റപ്പാലം, മണ്ണാർക്കാട് മേഖലയിലുൾപ്പെടെ ചാർജ്ജ് പോയിന്റുകളും ഒരുക്കിയിട്ടുണ്ട്. റോഡ് പരിശോധന ശക്തമാക്കുന്നതിന് ഈ വാഹനങ്ങൾ സഹായകരമാകും.

സംസ്ഥാനത്താകെ 65 വാഹനങ്ങളാണ് നിരത്തിലിറക്കുന്നത്. നിലവിൽ അത്യാധുനിക ക്യാമറ സംവിധാനം ഉള്ള ഇന്റർ സെപ്റ്റർ വാഹനം ഉൾപ്പെടെ മൂന്നു വാഹനങ്ങളാണ് ജില്ലയിൽ ഉള്ളത്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി ആർ സ്‌ക്വാഡുകളുമുണ്ട്.

സേഫ് കേരള പദ്ധതി വന്നതിനുശേഷം ജില്ലയിലെ വാഹനാപകടങ്ങളിൽ കഴിഞ്ഞ വർഷത്തേക്കാൾ 31 ശതമാനം കുറഞ്ഞു.

റോഡ് സുരക്ഷയ്ക്ക് മുൻഗണന നൽകിയുള്ള പ്രവർത്തനത്തിന്റെ ഭാഗമായി സ്ഥിരം അപകടം ഉണ്ടാകുന്ന മേഖലകളിൽ അതിന്റെ കാരണങ്ങൾ കണ്ടെത്തി വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് എൻഫോഴ്സ്മെന്റ് വിഭാഗം അധികൃതർ പറഞ്ഞു. ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവയുടെ ഉപയോഗം സംബന്ധിച്ച് ബോധവത്കരണങ്ങളും നൽകുന്നുണ്ട്.

പാലക്കാട് ആർ.ടി.ഒ: പി. ശിവകുമാർ, എൻഫോഴ്സ്മെന്റ് ആർ.ടി.ഒ: വി.എ. സഹദേവൻ എന്നിവർ ചേർന്ന് വാഹനത്തിന്റെ ഫ്ളാഗ് ഓഫ് നിർവഹിച്ചു. ജോയിന്റ് ആർ.ടി.ഒ. മോഹനൻ, പാലക്കാട് ഡിവൈ.എസ്.പി. പി. ശശികുമാർ, ട്രാഫിക് എസ്.ഐ. കാസിം, എൻഫോഴ്സ്മെന്റ് എം.വി.ഐമാർ, എ.എം.വി.ഐമാർ എന്നിവർ സംബന്ധിച്ചു.

● ജില്ലയിലെത്തിയ ഇലക്ട്രിക് വാഹനങ്ങളുടെ ഫ്ളാഗ് ഓഫ് പാലക്കാട് ആർ.ടി.ഒ: പി. ശിവകുമാർ, എൻഫോഴ്സ്മെന്റ് ആർ.ടി.ഒ: വി.എ. സഹദേവൻ എന്നിവർ ചേർന്ന് നിർവഹിക്കുന്നു.

മണ്ണാർക്കാട് പോസ്റ്റ് കോവിഡ് ക്ലിനിക്ക് തുടങ്ങി

മണ്ണാർക്കാട്: താലൂക്ക് ആസ്ഥാന ആശുപത്രിയിൽ പോസ്റ്റ് കോവിഡ് ക്ലിനിക്ക് ആരംഭിച്ചു. എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്ക് 12 മുതൽ രണ്ടുവരെയാണ് പ്രവർത്തനം. ഒരു ഡോക്ടറുടെയും സ്റ്റാഫ് നേഴ്സിന്റെയും സേവനമുണ്ടാകും. താലൂക്കിലെ കോവിഡ് മുക്തരായവർക്ക് ഗുരുതര ആരോഗ്യ പ്രശ്നങ്ങളുണ്ടാകുമ്പോൾ വ്യാഴാഴ്ചകളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കിലെത്തിയാൽ ചികിത്സ ലഭ്യമാകും. താലൂക്കിലെ മറ്റ് സർക്കാർ ആശുപത്രികളിൽനിന്നും റഫർ ചെയ്ത് എത്തുന്ന കോവിഡ് മുക്തരായവർക്ക് മറ്റ് ദിവസങ്ങളിലും ഒ.പിയിൽ ചികിത്സ ലഭ്യമാകുമെന്ന് ആശുപത്രി സൂപ്രണ്ട് ഡോ: എൻ.എൻ. പമീലി അറിയിച്ചു.

അട്ടപ്പാടിയിലെ മൂന്ന് പഞ്ചായത്തുകളിലെയും കോട്ടത്തറ സർക്കാർ ട്രൈബൽ ആശുപത്രിയുടെയും റഫറൽ ആശുപത്രിയാണ് താലൂക്ക് ആസ്ഥാന ആശുപത്രി. തെങ്കര, കോട്ടോപ്പാടം, അലനല്ലൂർ, കുമരംപുത്തൂർ, തച്ചനാട്ടുകര, കരിമ്പ, കാരാകുറുശ്ശി, തച്ചമ്പാറ, കാഞ്ഞിരപ്പുഴ പഞ്ചായത്തുകളിലെയും റഫറൽ ആശുപത്രിയാണ്. കോവിഡ് മുക്തരാകുന്നവരിൽ 10 ശതമാനത്തിലേറെ പേർക്ക് ഗുരുതര അസുഖങ്ങൾ ബാധിക്കുന്നതായാണ് ആരോഗ്യവകുപ്പിന്റെ വിലയിരുത്തൽ. അതിനാൽ കോവിഡിനെ നിസാരമായി കാണരുതെന്ന് ആശുപത്രി സൂപ്രണ്ട് പറഞ്ഞു.

● വാളയാർ പെൺകുട്ടികൾക്ക് നീതി ലഭിക്കുന്നതിനായി യൂത്ത് കോൺഗ്രസ് ജില്ലാ കമ്മിറ്റി അട്ടപ്പള്ളത്ത് സംഘടിപ്പിച്ച ജസ്റ്റിസ് കോർണർ.

ജസ്റ്റിസ് കോർണർ സംഘടിപ്പിച്ചു

പാലക്കാട്: വാളയാർ പെൺകുട്ടികൾക്ക് നീതി ലഭിക്കുന്നതിനായി അട്ടപ്പള്ളത്ത് യൂത്ത് കോൺഗ്രസ് ജില്ലാ കമ്മിറ്റി ജസ്റ്റിസ് കോർണർ സംഘടിപ്പിച്ചു.

വാളയാർ സംഭവത്തിൽ കേരളം ലോകത്തിന് മുന്നിൽ തലതാഴ്ത്തി നിൽക്കുകയാണെന്ന് പരിപാടിയിൽ പങ്കെടുത്ത മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. ജില്ലാ പ്രസിഡന്റ് ടി.എച്ച്. ഫിറോസ് ബാബു അധ്യക്ഷനായി. സംസ്ഥാന പ്രസിഡന്റ് ഷാഫി പറമ്പിൽ എം.എൽ.എ, എം.പി.മാരായ ബെന്നി ബഹനാൻ, വി.കെ. ശ്രീകണ്ഠൻ, സംസ്ഥാന ഭാരവാഹികളായ ഒ.കെ. ഫാറൂഖ്, സജേഷ് ചന്ദ്രൻ, പി. സരിൻ പങ്കെടുത്തു.